4438
11/8/18

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് - സ്റ്റാഫ് പാറ്റേൺ - നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (സാധാ) നം.18/2018/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 23.02.2018.

പരാമർശം:- 1. സ. ഉ. (കൈ) നം. 05/2013/പി.സ.വി.വ, തീയതി 25.05.2013.
2. 29.02.2016 -ലെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ 2169 -ാം നമ്പർ യോഗ തീരുമാനം.
3. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 07.04.2016 -ലെ 565/E1/2016/KSBCDC നമ്പർ കത്ത്.
4. 22.11.2017 -ൽ നടന്ന ബോർഡ് ഓഫ് പബ്ലിക് എന്റർപ്രൈസസ് മീറ്റിംഗിന്റെ യോഗ തീരുമാനം.

**ഉത്തരവ്**

28.02.1995-ൽ നിലവിൽ വന്ന കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിനായി സർക്കാർ വിവിധ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ശുപാർശ പ്രകാരം അനുവദിച്ച ആനുകൂല്യങ്ങൾ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ജീവനക്കാർക്കും ബാധകമാക്കണമെന്ന് അഭ്യർത്ഥിച്ചും കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ജീവനക്കാരുടെ 10 -ാം ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുന്നോടിയായി കോർപ്പറേഷൻ ജീവനക്കാരുടെ തസ്തിക വിന്യാസം അനുബന്ധത്തിൽ പരാമർശിക്കുന്ന പ്രകാരം നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി. എൻ**
**ഗവ. ജോയിന്റ് സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ) വകുപ്പ് (Vide U.O. No. PLGEA-BPE2/87/2016/PLGEA)
ധനകാര്യ (പി.യു.സി) വകുപ്പ് (Vide U.O. No. PU-C3/128/2016-FIN)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് - പ്രസിദ്ധീകരണത്തിനായി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

## കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ

### സ്റ്റാഫ് ഫിക്സേഷൻ

### (Annexure to G.O.(Rt)No.18/2018/BCDD, dated 23.02.2018)

| ക്രമ നം. | തസ്തികയുടെ പേര് | അനുവദിച്ച തസ്തികകളുടെ എണ്ണം | തസ്തിക സൃഷ്ടിച്ചപ്പോഴുള്ള ശമ്പള സ്കെയിൽ | നിലവിലുള്ള ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | ജനറൽ മാനേജർ (എച്ച്.ആർ.എം & അഡ്മിൻ) | 1 | 3900 - 5075 | 36140 - 49740 |
| 2 | കമ്പനി സെക്രട്ടറി | 1 | 3900 - 5075 | 36140 - 49740 |
| 3 | ജനറൽ മാനേജർ (എഫ് & എ) | 1 | 3900 - 5075 | 36140 - 49740 |
| 4 | ജനറൽ മാനേജർ (പ്രോജക്ട്സ്) | 1 | 3900 - 5075 | 36140 - 49740 |
| 5 | അസിസ്റ്റന്റ് ജനറൽ മാനേജർ | 7 | 24040 - 38840 | 24040 - 38840 |
| 6 | മാനേജർ | 7 | 3000 - 5000 | 22360 - 37940 |
| 7 | അസിസ്റ്റന്റ് മാനേജർ | 12 | 2200 - 3500 | 20740 - 36140 |
| 8 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 1 | 20740 - 36140 | 20740 - 36140 |
| 9 | സീനിയർ എക്സിക്യൂട്ടീവ് അസിസ്റ്റന്റ് | 1 | 2060 - 3200 | 19240 - 34500 |
| 10 | പ്രോജക്ട് അസിസ്റ്റന്റ് | 32 | 1640 - 2900 | 16180 - 29180 |
| 11 | സീനിയർ അസിസ്റ്റന്റ്/ അക്കൗണ്ടന്റ് | 29 | 1640 - 2900 | 16180 - 29180 |
| 12 | എക്സിക്യൂട്ടീവ് അസിസ്റ്റന്റ് | 15 | 1400 - 2600 | 13900 - 24040 |
| 13 | ജൂനിയർ അസിസ്റ്റന്റ് | 31 | 1200 - 2040 | 11620 - 20240 |
| 14 | ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ് | 14 | 1050 – 1660 | 9940 - 16580 |
| 15 | ഡ്രൈവർ | 16 | 825 - 1250 | 9190 - 15780 |
| 16 | ഓഫീസ് അറ്റൻഡന്റ് | 42 | 775 - 1065 | 8500 - 13210 |
| 17 | പാർട്ട് ടൈം സ്വീപ്പർ | 16 | 370 Consolidated Pay | 4250 - 6700 |

ഇത് സംബന്ധിച്ച് താഴെപറയുന്ന നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

1. അംഗീകൃത തസ്തികയിൽ കരാർ / ദിവസവേതന / റഗുലർ നിയമനങ്ങൾ ഡയറക്ടർ ബോർഡിന്റെയും സർക്കാരിന്റെയും അനുമതി കൂടാതെ നടത്താൻ പാടില്ല.
2. സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന രീതിയിൽ നിലവിലുള്ള തസ്തികകൾ അപ്ഗ്രഡേഷൻ, പുനഃനാമകരണം ചെയ്യാൻ പാടില്ല.
3. നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരം മാത്രമേ നടത്താൻ പാടുള്ളൂ.